## കേരള കാർഷിക സർവ്വകലാശാല
## കശുമാവ് ഗവേഷണകേന്ദ്രം,മാടക്കത്തറ

സി.ആർ.എം.(അക്കൗ:) 1527/2019 തീയതി: 22/08/2019

# <u>പുനർക്വട്ടേഷൻ നോട്ടീസ്</u>

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിൽ എ.ഐ.സി.ആർ.പി. യുടെ സഹായത്തോടെ നടത്തുന്ന പുതിയ പരീക്ഷണങ്ങളിലെയ്ക്കും നഴ്സറി/ ഫാം ആവശ്യത്തിലേയ്ക്കുമായി ഈ വർഷത്തേയ്ക്ക് ചകിരിച്ചോറ് നൽകുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

## <u>നിബന്ധനകൾ</u>

വണ്ടി വാടകയും, കയറ്റിറക്കുകൂലിയും മറ്റെല്ലാ ചെലവുകളും, ഉൾപ്പെടെ ഈ ഫാമിൽ ഒരു ടൺ ചകിരിച്ചോറ് എത്തിക്കുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

ഓരോലോഡും വേയ് ബ്രിഡ്ജിൽ തൂക്കമെടുത്ത് രസിത് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

(1) മുദ്രവച്ച ക്വട്ടേഷനുകൾ 30/08/2019 ഉച്ചകഴിഞ്ഞ് 2.30 മണിക്ക് മുൻപായി ഗവേഷണകേന്ദ്രം മേധാവി, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

(2) ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ഹാജരാകുകയും നിരതദ്രവ്യമായി 200/- രൂപ അടയ്ക്കുകയും ചെയ്യേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് തത്സമയം സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

(3) ക്വട്ടേഷൻ ലഭിച്ചവർ 03/09/2019 തീയതിയിൽ രാവിലെ 11.00 മണിക്ക് മുൻപായി 500/- രൂപ (അഞ്ഞൂറ് രൂപ) സെക്യൂരിറ്റി നിക്ഷേപമായി ഓഫീസിൽ അടയ്ക്കുകയും അന്നേദിവസം തന്നെ ക്വട്ടേഷൻ വ്യവസ്ഥകൾ അനുസരിച്ച് സപ്ളൈ ഓർഡറിൽ പറഞ്ഞിരിക്കുന്നതിൻ പ്രകാരമുള്ള കൃത്യമായ അളവിൽ ഗുണമേന്മയുള്ള ചകിരിച്ചോറ് സപ്ളൈ ചെയ്തുകൊള്ളാമെന്ന് ഒരു സമ്മതപത്രം 200/- രൂപയുടെ (ഇരുന്നൂറ് രൂപ) യുടെ മുദ്രപത്രത്തിൽ എഴുതി സമർപ്പിക്കേണ്ടതുമാണ്.

(4) ക്വട്ടേഷനുകൾ പ്രത്യേക കാരണം കൂടാതെ നിരസിക്കുവാനുള്ള അധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

വിശ്വസ്തതയോടെ

ഒപ്പ്

അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡ്-ഇൻ-ചാർജ്ജ്

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. വെബ്സൈറ്റ്